File No.DGE/7757/2020-NM(A1)

18A6
22/02/22

"ഭരണഭാഷ - മാതൃഭാഷ"

നം:എൻ.എം.എ(1)-7757/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം-695 014
ഫോൺ:-0471-2580 548
ഇ-മെയിൽ:-supdtnma.dge@kerala.gov.in

തീയതി:- 18/02/2022

പ്രേക്ഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ചീഫ് എൻജിനീയർ
LID & EW (തദ്ദേശ സ്വയം ഭരണ വകുപ്പ്),
സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം-695 003

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ 3031 സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നത്- സ്കൂളുകൾക്ക് സാങ്കേതിക ഉപദേശവും സഹായവും നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് (സാധാ) നം. 1920/2021/പൊ.വി.വ തീയ്യതി: 24.02.2021

2. ഈ കാര്യാലയത്തിലെ 17.3.2021, 31.1.2022 തീയ്യതികളിലെ ഇതേ നമ്പർ നടപടി ഉത്തരവ് ഉത്തരവുകൾ (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)

******************

കേന്ദ്ര,സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ച് കൊണ്ട്, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ 3031 സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 2011 സ്കൂളുകൾക്ക് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള നാല് വ്യത്യസ്ത പ്ലിന്ത് ഏരിയകളിലാണ് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കേണ്ടത്. നിർമ്മിക്കേണ്ട യൂണിറ്റുകളുടെ പ്ലിന്ത് ഏരിയയും യൂണിറ്റ് കോസ്റ്റും ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.

| ക്രമ നമ്പർ | കുട്ടികളുടെ എണ്ണം | പ്ലിന്ത് ഏരിയ തരം | പ്ലിന്ത് ഏരിയ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | യൂണിറ്റ് കോസ്റ്റ് (രൂപയിൽ) |
|---|---|---|---|---|
| | 1- 100 | I | 20 | 6,00,000 |
| 2 | 101-200 | II | 24 | 7,12,992 |
| 3 | 201-300 | III | 28 | 7,70,000 |
| 4 | 300 ന് മുകളിൽ | IV | 32 | 8,58,976 |

നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്കൂൾ തലത്തിൽ പി.ടി.എ യുടെ നേതൃത്വത്തിൽ നിർമ്മാണ കമ്മിറ്റി രൂപീകരിക്കുവാനും അതിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറെ ഉൾപ്പെടുത്തുവാനും സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, അങ്ങയുടെ കാര്യാലയത്തിൽ നിന്നും ഉചിതമായ

File No.DGE/7757/2020-NM(A1)

നിർദ്ദേശം ലഭിക്കാതെ പാചകപ്പുര -കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ അംഗമാകുവാനോ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂളുകൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും സഹായവും നല്കുവാനോ സാധിക്കുകയില്ല എന്ന നിലപാടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് /അസിസ്റ്റന്റ് എഞ്ചിനീയർമാർ സ്വീകരിച്ചിട്ടുള്ള നിലപാട്. ഇത്, പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

31.03.2022 നുള്ളിൽ സ്കൂളുകളിലെ പാചകപ്പുര -കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചില്ലെങ്കിൽ ഈ ഇനത്തിൽ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിച്ച തുക പലിശ അടക്കം കേന്ദ്രസർക്കാരിലേക്ക് തിരിച്ചടക്കേണ്ടി വരുന്നതാണ്. ഈ സാഹചര്യത്തിൽ, പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള നിർമ്മാണ കമ്മിറ്റിയിൽ അംഗമാകുവാനും ആവശ്യമായ സാങ്കേതിക ഉപദേശവും സഹായവും സ്കൂളുകൾക്ക് നൽകുവാനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അങ്ങയുടെ കാര്യാലയത്തിൽ നിന്ന് നിർദ്ദേശം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിഷയത്തിൽ അങ്ങയുടെ അടിയന്തിര ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

Signature valid
Digitally signed by JEEVAN BABU K IAS
Date: 2022.02.18 19:14:56 IST
Reason: Approved

ജീവൻ ബാബു കെ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

Endt. DB1/1846/22/CE/LD&EW dt. 23/02/2022
Forwarded to All
SEs / EEs / AEEs / AEs for Information and necessary action

Valsala
for CE

## File No.DGE/7757/2020-NM(A1)

"ഭരണഭാഷ - മാതൃഭാഷ"

എൻ.എം.എ(1)-
7757/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം-14
ഫോൺ:- 0471 2580 548
ഇ-മെയിൽ:-supdtnma.dge@kerala.gov.in തീയതി :
17/03/2021

പ്രേക്ഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി-2020-21-പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം-മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ്(സാധാ)നം.1920/2021/പൊ.വി.വ തീയ്യതി:-24.2.2021
2. ഈ കാര്യാലയത്തിലെ ഇതേ തീയ്യതിയിലെ നടപടി ഉത്തരവ് നമ്പർ എൻ.എം.എ(1)-7757/2020/ഡി.ജി.ഇ(1)

*****************

60:40 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ച് കൊണ്ട് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 3031 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി, 2011 സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന്, 2020-21 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിച്ചതും സൂചന(1) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ 13766.69 ലക്ഷം രൂപ ചുവടെ പറയും പ്രകാരം ജില്ലകൾക്ക് അലോട്ട് ചെയ്ത് കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | നിർമ്മിക്കേണ്ട യൂണിറ്റുകൾ (പ്ലിന്ത് ഏരിയ തിരിച്ച്) | | | | | അലോട്ട് ചെയ്യുന്ന തുക (രൂപയിൽ) |
|---|---|---|---|---|---|---|---|
| | | പ്ലിന്ത് ഏരിയ 1 | പ്ലിന്ത് ഏരിയ 2 | പ്ലിന്ത് ഏരിയ 3 | പ്ലിന്ത് ഏരിയ 4 | ആകെ യൂണിറ്റുകൾ | |
| 1 | തിരുവനന്തപുരം | 62 | 67 | 16 | 44 | 189 | 107726200 |
| 2 | കൊല്ലം | 63 | 41 | 17 | 21 | 142 | 98161168 |
| 3 | പത്തനംതിട്ട | 49 | 11 | 4 | 0 | 64 | 40322912 |
| 4 | ആലപ്പുഴ | 113 | 23 | 9 | 18 | 163 | 106590384 |
| 5 | കോട്ടയം | 106 | 25 | 8 | 15 | 154 | 100469440 |
| 6 | ഇടുക്കി | 35 | 6 | 4 | 7 | 52 | 34370784 |
| 7 | എറണാകുളം | 30 | 22 | 9 | 26 | 87 | 62949200 |
| 8 | തൃശ്ശൂർ | 78 | 37 | 13 | 30 | 158 | 108959984 |
| 9 | പാലക്കാട് | 72 | 38 | 20 | 26 | 156 | 108027072 |
| 10 | മലപ്പുറം | 36 | 94 | 54 | 112 | 296 | 226406560 |
| 11 | കോഴിക്കോട് | 91 | 43 | 3 | 38 | 175 | 120209744 |
| 12 | വയനാട് | 12 | 9 | 8 | 8 | 37 | 26648736 |
| 13 | കണ്ണൂർ | 119 | 66 | 27 | 43 | 255 | 176183440 |
| 14 | കാസർഗോഡ് | 28 | 21 | 15 | 19 | 83 | 59643376 |
| ആകെ | | 894 | 503 | 207 | 407 | 2011 | 1376669000 |

കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടുന്ന നാല് വ്യത്യസ്ത പ്ലിന്ത് ഏരിയകളിലാണ് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കേണ്ടത്.പ്ലിന്ത് ഏരിയകളും അവയിൽ നിർമിക്കേണ്ട യൂണിറ്റുകളുടെ യൂണിറ്റ് കോസ്റ്റും ചുവടെ പറയുന്നു.

| ക്രമ നമ്പർ | കുട്ടികളുടെ എണ്ണം | പ്ലിന്ത് ഏരിയ തരം | പ്ലിന്ത് ഏരിയ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ ) | യൂണിറ്റ് കോസ്റ്റ്(രൂപയിൽ) |
|---|---|---|---|---|
| 1 | 1- 100 | I | 20 | 6,00,000 |
| 2 | 101-200 | II | 24 | 7,12,992 |
| 3 | 201-300 | III | 28 | 7,70,000 |
| 4 | 300 ന് മുകളിൽ | IV | 32 | 8,58,976 |

അലോട്ട്മെന്റായി ലഭിച്ച തുക, പട്ടിക (1) ൽ സൂചിപ്പിച്ചിരിക്കുന്ന എണ്ണം യൂണിറ്റുകൾക്ക് പട്ടിക (2) ലെ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ റീ അലോട്ട് ചെയ്ത് നൽകേണ്ടതാണ്. ഇതിനായി, ഉപജില്ല, പ്ലിന്ത് ഏരിയ തിരിച്ചുള്ള സ്കൂൾ ലിസ്റ്റ് ഇതോടൊപ്പം **അനുബന്ധം I** ആയി ചേർത്തിട്ടുണ്ട്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ 2019 ൽ സമർപ്പിച്ച റിവൈസ്ഡ് ലിസ്റ്റ് ഏതാണ്ട് പൂർണ്ണമായും അംഗീകരിച്ച് കൊണ്ടാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കി ഇതിനോടകം പാചകപ്പുര നിർമ്മിച്ചിട്ടുള്ളതോ/ നിർമ്മാണം നടന്നു വരികയോ അല്ലെങ്കിൽ നിർമ്മാണത്തിനായി ഫണ്ട് ലഭ്യമാകുകയോ ചെയ്തിട്ടുള്ള സ്കൂളുകളെ ഈ കാര്യാലയത്തിന്റെ അനുമതിയോടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാവുന്നതാണ് . പകരം, പാചകപ്പുര നിർമ്മാണത്തിന് ഫണ്ട് ആവശ്യമുള്ള (ഈ ആവശ്യത്തിന് സർക്കാർ ഫണ്ട് മുൻപ് ലഭിച്ചിട്ടില്ലാത്ത) സർക്കാർ സ്കൂളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്. **19.3.2021 നകം സ്കൂളുകൾക്ക് തുക റീ അലോട്ട് ചെയ്ത് നൽകേണ്ടതാണ്. അലോട്ട്മെന്റായി ലഭിക്കുന്ന തുക 2021 മാർച്ച് 31 നകം മുൻകൂറായി മാറി തുക സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.**

സ്കൂൾ പി.ടി.എ കളുടെ നേതൃത്വത്തിൽ വാർഡ് മെമ്പർ,പി.ടി.എ ചെയർമാൻ, സ്കൂൾ പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണ കമ്മിറ്റിയിലെ രണ്ട് അദ്ധ്യാപകർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുമരാമത്ത് എഞ്ചിനീയർ തുടങ്ങിയവർ അംഗങ്ങളായ നിർമ്മാണ കമ്മിറ്റികൾ സ്കൂളുകളിൽ രൂപീകരിച്ച് കൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും 2021 ഏപ്രിൽ 30 നുള്ളിൽ പ്രസ്തുത നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും സ്കൂളുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2021 ഏപ്രിൽ 30 നുള്ളിൽ പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ്,ധനവിനിയോഗ പത്രം എന്നിവ സഹിതം 2021 മെയ് 15 നുള്ളിൽ തന്നെ അഡ്വാൻസ് തുക തീർപ്പാക്കണം എന്ന കർശന വ്യവസ്ഥയിന്മേൽ വേണം തുക സ്കൂളുകൾക്ക് അലോട്ട് ചെയ്യേണ്ടത്.

പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ രണ്ട് ദിവസങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കുന്നതാണ്. .

Signature valid
Digitally signed by SANTHOSH C A
Date: 2021.03.17 12:56:00 IST
Reason: Approved

വിശ്വസ്തതയോടെ,

**SANTHOSH C A**
**ADDITIONAL DIRECTOR(GEN)**
സന്തോഷ് സി എ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധിക ചുമതലയിൽ

ഉള്ളടക്കം:- അനക്സ്ച്ചർ 1 (സ്കൂൾ ലിസ്റ്റ്)

File No.DGE/7757/2020-NM(A1)

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്**

**(സാന്നിധ്യം. സി എ സന്തോഷ് )**

വിഷയം :- പൊതുവിദ്യാഭ്യാസം- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി- 2021-22- 2011 പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം -ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ നിന്ന് റിലീസ് ചെയ്ത തുക ബന്ധപ്പെട്ട സ്കൂളുകൾക്ക് അനുവദിക്കുന്നതിനായി ജില്ലകൾക്ക് അലോട്ട് ചെയ്യുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 01. സർക്കാർ ഉത്തരവ് (സാധാ) നം. 1920/2021/പൊ.വി.വ തീയ്യതി:- 24.02.2021

02. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2021 ലെ ഇതേ നമ്പർ നടപടി ഉത്തരവ്

03. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2021 ലെ ഇതേ നമ്പർ കത്ത്

04. സർക്കാർ ഉത്തരവ് (സാധാ) നം. 6127/2021/ഫിൻ തീയ്യതി:- 17.09.2021

05. സർക്കാർ ഉത്തരവ് (സാധാ) നം.4416/2021/പൊ.വി.വ തീയ്യതി:- 4.10.2021

**ഉത്തരവ് നമ്പർ എൻ.എം.എ (1)-7757/2020/ഡി.ജി.ഇ തീയതി : 31/01/2022**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സർക്കാർ , എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി 2202-01-112-97(പ്ലാൻ) എന്ന കണക്ക് ശീർഷകത്തിൽ 13766.69 ലക്ഷം രൂപ സർക്കാർ വകയിരുത്തുകയും ടി തുക 2020-21 സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. സർക്കാർ അനുവദിച്ച 13766.69 ലക്ഷം രൂപ, വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം 2011 സ്കൂളുകൾക്ക് പരാമർശം (2) പ്രകാരം അലോട്ട് ചെയ്ത് നൽകുകയും പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ, അലോട്ട്മെന്റായി ലഭിച്ച തുക 31.3.2021 ന് മുൻപായി മാറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ ഭൂരിഭാഗം സ്കൂളുകൾക്കും സാധിച്ചില്ല. 187 സ്കൂളുകൾ മാത്രമാണ് തുക മാറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചത്. തുടർന്ന്, തുക ലാപ്സാകുന്നത് ഒഴിവാക്കുന്നതിനായി, 2020-21 സാമ്പത്തിക വർഷം ഈയിനത്തിൽ ചെലവഴിക്കുവാൻ കഴിയാതിരുന്ന 12471.49 ലക്ഷം രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേക്ക് (ELA) സർക്കാർ പോസ്റ്റ് ചെയ്യുകയുണ്ടായി.

ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേക്ക് (ELA) പോസ്റ്റ് ചെയ്തിരുന്ന 12471.49 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം (2021-22) ചെലവഴിക്കുന്നതിന് പരാമർശം (4), (5) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. രണ്ട് പ്രത്യേക കണക്ക് ശീർഷകങ്ങളിലായി ചുവടെ സൂചിപ്പിക്കും പ്രകാരം തുക ഇപ്പോൾ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

2202-01-112-97-01 (പ്ലാൻ) - 748289000 രൂപ

2202-01-112-97-02 (പ്ലാൻ) - 498860000 രൂപ

ആകെ - 1247149000 രൂപ

മേൽ സഹചര്യത്തിൽ, ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ നിന്ന് റിലീസ് ചെയ്തിട്ടുള്ള 1247149000 രൂപ എത്രയും വേഗം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ചുവടെ പറയും പ്രകാരം അലോട്ട് ചെയ്ത് നൽകുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിക്കുന്ന തുക (രൂപയിൽ) | | |
|---|---|---|---|---|
| | | 2202-01-112-97-01 (പ്ലാൻ)-60% | 2202-01-112-97-02 (പ്ലാൻ)-40% | ആകെ |
| 1 | തിരുവനന്തപുരം | 39400635 | 26267757 | 65668392 |
| 2 | കൊല്ലം | 51937978 | 34625318 | 86563296 |
| 3 | പത്തനംതിട്ട | 21863952 | 14575968 | 36439920 |
| 4 | ആലപ്പുഴ | 62806435 | 41870957 | 104677392 |
| 5 | കോട്ടയം | 60281664 | 40187776 | 100469440 |
| 6 | ഇടുക്കി | 19114675 | 12743117 | 31857792 |
| 7 | എറണാകുളം | 33484954 | 22323302 | 55808256 |
| 8 | തൃശ്ശൂർ | 60765629 | 40510419 | 101276048 |
| 9 | പാലക്കാട് | 56368291 | 37578861 | 93947152 |
| 10 | മലപ്പുറം | 130359418 | 86906278 | 217265696 |
| 11 | കോഴിക്കോട് | 72125846 | 48083898 | 120209744 |
| 12 | വയനാട് | 9098314 | 6065542 | 15163856 |
| 13 | കണ്ണൂർ | 96713750 | 64475834 | 161189584 |
| 14 | കാസർഗോഡ് | 33967459 | 22644973 | 56612432 |
| ആകെ | | **748289000** | **498860000** | **1247149000** |

നടപ്പ് സാമ്പത്തിക വർഷത്തെ 2202-01-112-97-01 (പ്ലാൻ), 2202-01-112-97-02 (പ്ലാൻ) എന്നീ കണക്ക് ശീർഷകങ്ങളിൽ നിന്ന് മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം തുക വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് അലോട്ട് ചെയ്ത് നൽകുന്നതിനുള്ള സത്വര നടപടികൾ സീനിയർ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

അലോട്ട്മെന്റായി ലഭിക്കുന്ന തുക വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ബന്ധപ്പെട്ട സ്കൂളുകൾക്ക് 2.2.2022 നകം റീ-അലോട്ട് ചെയ്ത് നൽകേണ്ടതാണ്. തുക അടിയന്തിരമായി മാറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാനും തുടർന്ന് ടി തുക വിനിയോഗിച്ച് 2022 മാർച്ച് 31 നകം പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ നൽകേണ്ടതാണ്. വാർഡ് മെമ്പർ, പി.ടി.എ ചെയർമാൻ, സ്കൂൾ പ്രഥമാദ്ധ്യാപകൻ/പ്രഥമാദ്ധ്യാപിക, സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിലെ രണ്ട് അദ്ധ്യാപകർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മരാമത്ത്

File No.DGE/7757/2020-NM(A1)

എഞ്ചിനീയർ ഉടങ്ങിയവർ അംഗങ്ങളായ നിർമ്മാണ കമ്മിറ്റികൾ സ്കൂളുകളിൽ രൂപീകരിച്ച് കൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ വേണം പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കേണ്ടത്.

Signature valid
Digitally signed by SANTHOSH C A
Date: 2022.01.3? 12:00:31 IST
Reason: Approved
Location: ERNAKULAM

**സി എ സന്തോഷ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

**സ്വീകർത്താവ് :**

01. സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
02. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ

**പകർപ്പ് :-**

01. ചീഫ് പ്ലാനിംഗ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
02.സൂപ്രണ്ട്, എൻ.എം.(ബി) സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
03.എൻ.എം.എ(3) സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
04.കരുതൽ ഫയൽ/ അധികം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -സ്കൂൾ ഉച്ചഭക്ഷണ പദ്ധതി -കിച്ചൻ -കം -സ്റ്റോർ നിർമ്മാണം- ഉപധനാഭ്യർത്ഥന 2020 -2021 പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗത്തിനുള്ള ഭരണാനുമതി നൽകികൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (എം ) വകുപ്പ്**

G.O.(Rt) No.1920/2021/GEDN തീയതി,തിരുവനന്തപുരം, 24/02/2021

പരാമർശം:- 1 G.O (Rt) No.501/2017/GEDN,dated:22/02/2017

2 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/02/2020 ലെ എൻ.എം എ 1 /7757/2020/DGE.നമ്പർ കത്ത്

**ഉത്തരവ്**

60:40 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ച് കൊണ്ട് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 3031 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കിച്ചൻ-കം-സ്റ്റോറുകൾ നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്ന 21097.09 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 2017-ൽ കേന്ദ്ര സർക്കാർ അനുമതി നൽകിയെന്നും പ്രസ്തുത അടങ്കൽ തുകയിൽ കേന്ദ്ര വിഹിതമായ 12658.26 ലക്ഷം രൂപ സംസ്ഥാനത്തിന് നൽകുകയും അടങ്കൽ തുകയിൽ ബാക്കിയുള്ള സംസ്ഥാന മാൻഡേറ്ററി വിഹിതമായ 8438.83 ലക്ഷം രൂപയിൽ 7330.40 ലക്ഷം രൂപ പരാമർശം 1 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിലീസ് ചെയ്ത് നൽകിയെന്നും അടങ്കൽ തുകയിൽ 7330.40 ലക്ഷം രൂപ മാത്രം ലഭിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കാതെവന്നെന്നും സംസ്ഥാനം സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക വർക്ക് പ്ലാനും ബഡ്ജറ്റും പരിഗണിക്കുവാൻ 2020 ജൂൺ 19-ാം തീയതി വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന എം.ഡി.എം - പി.എ.ബി യോഗം 2020 ഡിസംബർ മാസം 31-നകം പാചകപ്പുരകളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നെന്നും ഈ സാഹചര്യത്തിൽ, കേന്ദ്ര സർക്കാർ നിഷ്കർഷിച്ച സമയപരിധിയായ 2020 മാർച്ച് 31 നകം കിച്ചൻ -കം -സ്റ്റോറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ബാക്കിയുള്ള 13766.69 ലക്ഷം രൂപ (കേന്ദ്ര വിഹിതമായ 12658.26 ലക്ഷം രൂപ + സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽ ശേഷിക്കുന്ന 1108.43 ലക്ഷം രൂപ) 2020-21 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള പ്രോപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും ആയത് പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2202-01-112-97 പ്ലാൻ ശീർഷകത്തിൽ 13766.69 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും (Demand No.XVII) ആയതിനാൽ ടി തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പാചകപ്പുര നിർമ്മാണത്തിനുള്ള തുക ഡി.ഡി.ഇ മാർ മുഖാന്തിരം സ്കൂളുകൾക്ക് നൽകുന്നതാണെന്നും സ്കൂൾ പി.ടി.എ കളുടെ നേതൃത്വത്തിൽ വാർഡ് മെമ്പർ, പി.ടി.എ ചെയർമാൻ, എസ്.എം.സി ചെയർമാൻ, സ്കൂൾ പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണ കമ്മിറ്റിയിലെ അംഗങ്ങളായ രണ്ട് അദ്ധ്യാപകർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുമരാമത്ത് എൻജിനീയർ തുടങ്ങിയവർ അംഗങ്ങളായ നിർമ്മാണ കമ്മിറ്റികൾ സ്കൂളുകളിൽ രൂപീകരിച്ച് കൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും ഏപ്രിൽ 30 നുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുവാനും സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നതാണെന്നും 2021-22 വർഷത്തെ എം.ഡി.എം - പി.എ.ബി യോഗത്തിന് മുമ്പായി 3031 പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതമായ 12658.26 ലക്ഷം രൂപയും പലിശ കേന്ദ്ര സർക്കാരിന് നൽകേണ്ടി വരുന്നതാണെന്നും ഈ സവിശേഷ സാഹചര്യം കണക്കിലെടുത്ത് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തി 2021 ഏപ്രിൽ 30 നുള്ളിൽ പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ പത്രം എന്നിവ സഹിതം 2021 മെയ് 15 നുള്ളിൽ അഡ്വാൻസ് തുക തീർപ്പാക്കണം എന്ന കർശന വ്യവസ്ഥയിന്മേൽ ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന തുക 2021 മാർച്ച് മാസം മുൻകൂറായി മാറി തങ്ങളുടെ

File No.GEDN-M1/65/2021-G.EDN

സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകണമെന്നും പരമാർശം 2 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 3031 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കിച്ചൻ-കം-സ്റ്റോർ നിർമ്മിക്കുന്നതിനായി 2020-21 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ((Demand No.XVII)) ഉൾപ്പെടുത്തി 2202-01-112-97 പ്ലാൻ അക്കൗണ്ട് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതമായ 12658.26 ലക്ഷം രൂപയും സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽ ശേഷിക്കുന്ന 1108.43 ലക്ഷം രൂപയും ഉൾപ്പടെ **ആകെ 13766.69 ലക്ഷം രൂപയുടെ (നൂറ്റി മുപ്പത്തേഴ് കോടി അറുപത്താറ് ലക്ഷത്തി അറുപത്തൊൻപതിനായിരം രൂപ മാത്രം)** വിനിയോഗത്തിനുള്ള ഭരണാനുമതി നൽകിക്കൊണ്ടും താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു .

1. പ്രസ്തുത കിച്ചൻ -കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണത്തിനുള്ള തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന സ്കൂളുകൾക്ക് അനുവദിക്കുന്നതിനും സ്കൂൾ പി.ടി.എ കളുടെ നേതൃത്വത്തിൽ വാർഡ് മെമ്പർ, പി.ടി.എ ചെയർമാൻ, എസ്.എം.സി ചെയർമാൻ, സ്കൂൾ പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണ കമ്മിറ്റിയിലെ അംഗങ്ങളായ രണ്ട് അദ്ധ്യാപകർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുമരാമത്ത് എൻജിനീയർ തുടങ്ങിയവർ അംഗങ്ങളായ നിർമ്മാണ കമ്മിറ്റികൾ സ്കൂളുകളിൽ രൂപീകരിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും 2021 ഏപ്രിൽ 30 നുള്ളിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാനുമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

2. പ്രസ്തുത കിച്ചൻ-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തി 2021 ഏപ്രിൽ 30 നുള്ളിൽ പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ പത്രം എന്നിവ സഹിതം 2021 മെയ് 15 നുള്ളിൽതന്നെ അഡ്വാൻസ് തുക തീർപ്പാക്കണം എന്ന കർശന വ്യവസ്ഥയിന്മേൽ ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന തുക 2021 മാർച്ച് മാസം മുൻകൂറായി മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ പ്രഥമാധ്യാപകർ നിക്ഷേപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ &ഇ ), തിരുവനന്തപുരം .
3. ധനകാര്യ(ബഡ്ജറ്റ് വിങ് -സി )വകുപ്പ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് , ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
5. ബന്ധപ്പെട്ട എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (ഡി. ജി . ഇ )മുഖേന.
6. വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ )വകുപ്പ്
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by NAMITHA T
Date: 2021.02.2? ??:32:55 IST
Reason: Approved
സെക്ഷൻ ഓഫീസർ